"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്- ജീവനക്കാര്യം - "Operation Cocktail" -മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന-മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസ് മാനേജറായിരുന്ന ശ്രീ.കെ.പി ജീസനെതിരെ (റിട്ട.എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ) സ്വീകരിച്ചുവന്നിരുന്ന അച്ചടക്ക നടപടി-തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1013/2024/TAXES തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-

1. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10/11/2023-ലെ E15-(SC-78/23/MPM) 41398/2023/DVACB നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 23/03/2024-ലെ VIG-A2/529/2023/VIG നമ്പർ കത്ത്.
3. 25/04/2024- ലെ നികുതി-എഫ്2/57/2024/നി.വ നമ്പർ കുറ്റാരോപണ മെമ്മോ
4. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.കെ.പി ജീസൻ 18/05/2024-ൽ സമർപ്പിച്ച എതിർവാദ പത്രിക
5. എക്സൈസ് കമ്മീഷണറുടെ 13/06/2024,05/09/2024 തീയതികളിലെ EXC/2455/2024-XE4 നമ്പർ കത്ത്
6. മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 22/08/2024 തീയതിയിലെ M1-1895/2024 വാച്യാന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

സംസ്ഥാനത്തെ എക്സൈസ് വകുപ്പിന്റെ കീഴിലെ റേഞ്ച് ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും ഡിവിഷണൽ ഓഫീസുകളിലും വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുവെന്ന ആരോപണത്തിന്മേൽ സംസ്ഥാന വ്യാപകമായി ''Operation Cocktail" എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസിൽ 23.08.2023 തീയതിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം വിജിലൻസ് വകുപ്പിന് നൽകിയിരുന്നു.പ്രസ്തുത മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

i. പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ മലപ്പുറം എക്സൈസ് ഡിവിഷൻ

ഓഫീസ് മാനേജരായ ശ്രീ. കെ.പി. ജീസൻ എന്നയാൾ കൈവശമില്ലാത്ത 5,000/- രൂപ രേഖപ്പെടുത്തിയതായി കാണുന്നു. അത് അന്നേക്ക് ലഭ്യമാവാൻ സാധ്യതയുള്ള കൈക്കൂലി തുക മുൻകൂട്ടി രേഖപ്പെടുത്തിയതാണെന്ന് സംശയിക്കാവുന്നതാണ്.

ii. Cash Book രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ സർട്ടിഫൈ ചെയ്തതായും 25/07/2023 തീയതിക്കു ശേഷം യാതൊരുവിധ എൻട്രികളും രേഖപ്പെടുത്താതെയും കണ്ടു. ക്ലോസിങ്ങ് ബാലൻസ് ആയി കാണിച്ച പെർമനന്റ് അഡ്വാൻസ് 300/- രൂപ (മുന്നൂറ് രൂപ മാത്രം) ഓഫീസിൽ ഭൗതികമായി കാണപ്പെടുകയും ചെയ്തില്ല.

2. വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്കുത്തരവാദിയായ ഓഫീസ് മാനേജരായിരുന്ന ശ്രീ.കെ.പി.ജീസനെതിരെ കടുത്ത ശിക്ഷയുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും ടിയാൻ 30.11.2023-ൽ വിരമിച്ച സാഹചര്യത്തിൽ ടിയാന്റെ വിശദീകരണം വാങ്ങിയ ശേഷം അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വിജിലൻസ് വകുപ്പ് പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു. 30.11.2023-ൽ വിരമിച്ച സാഹചര്യത്തിൽ ശ്രീ.കെ.പി.ജീസനെതിരെ KSR Part III 3(b) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കെ.പി. ജീസൻ പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ചുവടെ ചേർക്കും പ്രകാരം ബോധിപ്പിച്ചിരുന്നു.

"കുറ്റാരോപണമെമ്മോയിൽ ആരോപിതമായ കുറ്റങ്ങൾ ഓരോന്നും നിഷേധിക്കുന്നു. എനിക്കെതിരെ യാതൊരുവിധത്തിലുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തക്കകാരണങ്ങളൊന്നും ഇല്ല. 23.08.2023 ന് ഉച്ചക്ക് 12.30 ന് എക്സൈസ് വിജിലൻസ് പരിശോധനയിൽ കൈവശമില്ലാത്ത 5000/- രൂപ (അയ്യായിരം രൂപ മാത്രം) രേഖപ്പെടുത്തിയതായി കാണുന്നു എന്നും അത് അന്നേക്ക് ലഭ്യമാവാൻ സാധ്യതയുള്ള കൈക്കൂലി തുക മുൻകൂട്ടി രേഖപ്പെടുത്തിയതാണെന്ന് സംശയിക്കുന്നുവെന്നും പറഞ്ഞത് താൻ എറണാകുളം സ്വദേശിയായതിനാലും 22.08.2023 ന് അവധിയിലായിരുന്നതിനാലും വീട്ടിൽ നിന്നും സ്വന്തം വാഹനത്തിൽ 23.08.2024 ന് അതിരാവിലെ 8.30 എ.എം. ന് ഓഫീസിൽ എത്തുകയായിരുന്നു എന്നും ഓഫീസിലെ അത്യാവശ്യ ബില്ലുകൾ തിരക്കിട്ട് നോക്കുന്നതിനിടയിൽ തന്റെ ബാഗിൽ സൂക്ഷിച്ചിരുന്ന Rs.5000/- രൂപ രജിസ്റ്ററിൽ എഴുതിപ്പോയതാണ് എന്നും യഥാർത്ഥത്തിൽ ആയതിൽ നിന്നും വാഹനത്തിന് ഡീസൽ അടിക്കുന്നതിന് ചിലവായ തുക കഴിച്ച് ബാക്കി 3000/- രൂപയിൽ താഴെ മാത്രമേ ബാഗിൽ ഉണ്ടായിരുന്നുള്ളൂ എന്നും, എന്നാൽ മേൽ ബാഗ് തന്റെ താമസസ്ഥലമായ റൂമിൽ വെച്ച് പോരുകയായിരുന്നുവെന്നും ആയത് താൻ വിജിലൻസ് ടീമിനെ വിവരം നൽകിയെങ്കിലും അവർ വന്ന് റൂം പരിശോധിച്ചിരുന്നില്ല എന്നും ആയതിനാൽ തന്റെ ജോലി തിരക്കിനിടയിൽ ഓർമ്മയില്ലാതെ വീട്ടിൽ നിന്നും ഒരാഴ്ചത്തെ താമസചിലവിനും വാഹനത്തിന് ഡീസൽ അടിക്കുന്നതിനുമായി കൊണ്ടുവന്ന Rs.5000/- രൂപയും രജിസ്റ്ററിൽ ചേർത്തുപോയത് മനപ്പൂർവ്വമായിരുന്നില്ല എന്ന് ബോധിപ്പിക്കുന്നു. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 25.07.2023 തീയ്യതിക്ക് ശേഷം യാതൊരു വിധ എൻട്രികളും രേഖപ്പെടുത്താതെയും ക്ലോസിംഗ് ബാലൻസ് ആയി കാണിച്ച പെർമനന്റ് അഡ്വാൻസ് 300/- രൂപ (മുന്നൂറ് രൂപ മാത്രം) ഓഫീസിൽ ഭൗതികമായി

കാണപ്പെട്ടകയും ചെയ്തില്ല എന്നത് ക്യാഷ് ബുക്ക് പ്രാഥമികമായി ഡിവിഷൻ ഓഫീസിലെ എം.2 സീറ്റ് ആണ് അപ്ഡേറ്റ് ചെയ്യാറുള്ളത് എന്നും എൻട്രികളെല്ലാം നിലവിൽ BIMS,BAMS സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കുമെന്നതിനാൽ ക്യാഷ് ബുക്കിൽ നാല് വരവ് ചെലവുകൾ മാത്രമേ എഴുതാൻ വിട്ടുപോയിട്ടുള്ളൂ എന്നും ബോധിപ്പിക്കുന്നു. എന്നാൽ ആയത് നോട്ടക്കുറവാണെന്നും മനപ്പൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലയെന്നും ബോധിപ്പിച്ചുകൊള്ളുന്നു. പെർമന്റ് അഡ്വാൻസ് Rs 300/- രൂപ ഓഫീസിന്റെ ക്യാഷ് ചെസ്റ്റിനുള്ളിൽ ഭദ്രമായി ഉണ്ടായിരുന്നുവെന്നും പെട്ടെന്നുള്ള വിജിലൻസിന്റെ വരവിൽ ആയത് എടുത്ത് അവർക്ക് കാണിച്ചുകൊടുക്കാൻ പറ്റാതെ വരുകയായിരുന്നെന്നും ബോധിപ്പിച്ചിട്ടുള്ളതാണ്. 30.11.2023 ന് താൻ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും തന്റെ പേരിൽ ആരോപിക്കപെട്ടിട്ടുള്ള മേൽ ക്രമക്കേടുകൾ മനപ്പൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി KSR Part III Rule 3(b) പ്രകാരം നടപടികളിൽ നിന്നും ഒഴിവാക്കിതരണമെന്നും അപേക്ഷിക്കുന്നു. മേൽപ്പറഞ്ഞ പ്രവർത്തികളൊന്നും താൻ മനപ്പൂർവ്വം ചെയ്തിട്ടില്ലാത്തതിനാലും ഓർമപ്പിശകുമൂലം വന്നതിനാലും മേൽ ക്രമക്കേടുകൾ ഒരു അച്ചടക്ക സേനയിലെ അംഗമെന്ന നിലയിലും സൂപ്പർവൈസറി ഓഫീസർ എന്ന നിലയിലും തന്റെ ഭാഗത്തു നിന്നും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ലാത്ത തരത്തിലുള്ള കൃത്യവിലോപവും അച്ചടക്ക ലംഘനവുമാണെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഒരു സൂപ്പർവൈസറി ഓഫീസർ എന്ന നിലയിൽ ഞാൻ കൃത്യനിർവഹണത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. എന്റെ ഡ്യൂട്ടി സമയത്ത് കീഴ്ജീവനക്കാരോട് കൃത്യമായി ഡ്യൂട്ടികൾ ചെയ്യുന്നതിന് നിർദ്ദേശിക്കാറുള്ളതും മേൽ ഡ്യൂട്ടികൾക്ക് മേൽനോട്ടം വഹിക്കാറുള്ളതുമാണ്."

4. ശ്രീ. കെ.പി. ജീസനെതിരായി KSR Part III 3(b) പ്രകാരം അച്ചടക്ക നടപടികൾ തുടരുന്നതിന്റെ ഭാഗമായി ടി ചട്ടത്തിലെ നടപടി ക്രമം പാലിക്കുന്നതിന്റെ ഭാഗമായി ഒരു വാച്യാന്വേഷണം നടത്തുന്നതിനായി മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പരാമർശം (6) പ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"ഫോർമൽ എൻക്വയറിയുടെ ഭാഗമായി ശേഖരിച്ച തെളിവുകളും സാക്ഷിമൊഴികളും വിശദമായി പരിശോധിച്ചതിൽ മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസിലെ വിജിലൻസ് പരിശോധനയിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിലും ക്യാഷ് ബുക്കിലും കാണപ്പെട്ടതായി പറയുന്ന കുറവുകൾ ഡിവിഷൻ ഓഫീസ് മാനേജർ ശ്രീ.കെ.പി ജീസൻ മനപ്പൂർവ്വമായി ദുരുദ്ദേശത്തോടെ ചെയ്തതല്ല എന്ന് ബോദ്ധ്യമായിട്ടുള്ളതാണ്. വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയപ്പോൾ ഡിവിഷൻ ഓഫീസ് മാനേജർ ശ്രീ.കെ.പി ജീസന്റെ കൈവശമില്ലായിരുന്ന 5000/- രൂപ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി പറയുന്നതിനുള്ള ടിയാന്റെ വിശദീകരണങ്ങൾ അംഗീകരിക്കാവുന്നതാണെന്നും അത് അനധികൃതമായി കൈക്കൂലി വാങ്ങുന്നതിന് വേണ്ടി ആയിരുന്നില്ലയെന്നും എനിക്ക് അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്. ക്യാഷ് ബുക്ക് പ്രാഥമികമായി കൈകാര്യം ചെയ്യുന്നത് എം.2 സീറ്റുകാരനാണ്. രേഖപ്പെടുത്തലുകളെല്ലാം നിലവിൽ ബിംസ്, ബാംസ് സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കുമെന്നതിനാൽ ക്യാഷ് ബുക്കിൽ നാല് വരവ്/ ചെലവ് കണക്കുകൾ മാത്രമേ എഴുതാൻ വിട്ടുപോയിട്ടുള്ളൂ എന്നതും നിലവിലെ KTC/KFC കളിലെ നിയമം യഥാസമയം സ്പഷ്ടീകരിക്കാത്തതു മൂലം വന്നതാണെന്നും മനപ്പൂർവ്വം വീഴ്ച വരുത്തിയതല്ല

എന്നും ബോദ്ധ്യമായിട്ടുള്ളതാണ്. പെർമനന്റ് അഡ്വാൻസ് 300/- രൂപ ഓഫീസിന്റെ ക്യാഷ് ചെസ്റ്റിനുള്ളിൽ ഉണ്ടായിരുന്നതായും നിലവിൽ അത് എനിക്ക് കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. വിജിലൻസ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട സമയത്ത് അതവർക്ക് കാണിച്ചു കൊടുക്കാൻ സാധിക്കാത്തതാണ് എന്നുള്ള ടിയാന്റെ വിശദീകരണം അംഗീകരിക്കാവുന്നതാണ്. മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസ് മാനേജർ ശ്രീ.കെ.പി ജീസൻ ഒരു അച്ചടക്ക സേനയിലെ അംഗമെന്ന നിലയിലും സൂപ്പർവൈസറി ഓഫീസർ എന്ന നിലയിലും ടിയാന്റെ ഭാഗത്തു നിന്നും ഒരു വീഴ്ചയും അന്വേഷണത്തിൽ വെളിവാകപ്പെട്ടിട്ടില്ലാത്തതാണെന്നും ടിയാനിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ലായെന്നും ഫോർമൽ എൻക്വയറിയിലൂടെ ബോധ്യപ്പെട്ടിട്ടുള്ളതാണ്."

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Operation Cocktail - ന്റെ ഭാഗമായി മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസ് മാനേജറായിരുന്ന ശ്രീ.കെ.പി ജീസന്റെ ഭാഗത്ത് മനപൂർവ്വമായ വീഴ്ച സംഭവിച്ചതായി കാണുന്നില്ല. കൂടാതെ ടിയാൻ 30.11.2023 -ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ്. ആയതിനാൽ മലപ്പുറം എക്സൈസ് ഡിവിഷൻ ഓഫീസ് മാനേജറായിരുന്ന ശ്രീ.കെ.പി ജീസനെതിരെ വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ KSR Part III 3(b) പ്രകാരം സ്വീകരിച്ച് വരുന്ന അച്ചടക്ക നടപടികളിൻമേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2.ശ്രീ.കെ.പി ജീസൻ,റിട്ട.എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ(എക്സൈസ് കമ്മീഷണർ മുഖേന)
3.ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4.വിജിലൻസ് (എ) വകുപ്പ്
5.അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
6.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7.കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 14-11-2024 10:32:48
സെക്ഷൻ ഓഫീസർ